**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3857** 15-07-2022 - ൽ മറുപടിയ്ക്ക്

**പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെ മരുന്ന് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പി.എച്ച്.സി/ സി.എച്ച്.സി/എഫ്.എച്ച്.സി തുടങ്ങിയ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ മരുന്നുകളുടെ ക്ഷാമം രൂക്ഷമായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2022-23 വർഷത്തെ ദർഘാസ് മുഖേനയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതുവരെ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന മരുന്നുകൾ സംഭരിച്ച് നൽകിയിട്ടുള്ളതും ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ, ഇന്റർ വെയർഹൗസ് ട്രാൻസ്ഫർ തുടങ്ങിയ നടപടിക്രമങ്ങളിലൂടെ അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തേയ്ക്കായി ക്ഷണിച്ച ദർഘാസ് നടപടിക്രമങ്ങൾ പൂർത്തിയാക്കി വിതരണ ഉത്തരവുകൾ നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള മരുന്നുകൾ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിൽ എത്തിത്തുടങ്ങിയിട്ടുണ്ട്. |
| (സി) | വള്ളിക്കുന്ന് മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ ചുമതലയുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരുന്നിനായി കോർപ്പറേഷനിൽ മുൻകൂർ തുക അടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യം ഗൗരവമായി പരിശോധിക്കുമോ? | (സി) | 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രകാരം കൈമാറിയിട്ടുള്ള 97,35,181/- രൂപയിൽ 59,46,710/- രൂപയുടെ മരുന്നുകൾ വിതരണം ചെയ്തു കഴിഞ്ഞു. വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ |

| | | | |
|---|---|---|---|
| | | | **വിതരണം ധ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ